കുഷ്ഠം രോഗികൾക്ക് അനുവദിച്ചിട്ടുള്ള ദുരിതാശ്വാസം

775 [1143] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു കുഷ്ഠം രോഗികൾക്കു അനുവദിച്ചിട്ടുള്ള ദുരിതാശ്വാസം യഥാസമയം അവർക്ക് വിതരണം ചെയ്യാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിന് എത്ര സംഖ്യയാണ് തന്നാണ്ടിൽ വക കൊള്ളിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര സംഖ്യ ഇതിനകം ചെലവു ചെയ്തു;

(ഡി) ഓരോ ജില്ലയിലും എത്ര പേർക്ക് ഈ ആനുകൂല്യം നൽകി എന്നു പറയുമോ?

ഉത്തരം

(എ, ബി, സി, ഡി) ജില്ലാ കളക്ടർമാരിൽനിന്നു വിവരം ശേഖരിച്ചു കൊണ്ടിരിക്കുകയാണ്.

കിഴക്കനോതറ ഗവൺമെൻറ് ഡിസ്പെൻസറി

776 [1144] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ താലൂക്കിലെ കിഴക്കനോതറ ഗവൺമെൻറ് ഡിസ്പെൻസറി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണ്;

(ബി) ഇതിന്റെ അറ്റകുറ്റപ്പണികൾ യഥാകാലം ചെയ്യിക്കാറുണ്ടോ;

(സി) കഴിഞ്ഞ തവണ അറ്റകുറ്റപ്പണികൾ നടന്നത് എന്നാണ്;

(ഡി) ആശുപത്രി കെട്ടിടം ഇടിഞ്ഞു വീഴാറായിരിക്കുന്നതും മേൽക്കൂരയ്ക്ക് താൽക്കാലിക തൂണുകൾ വച്ചിരിക്കുന്നതുമായ സ്ഥിതി മനസ്സിലാക്കി കെട്ടിടം പുതുക്കി പണിയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സർക്കാരിനാണ്.

(ബി) ചില സാങ്കേതിക കാരണങ്ങളാൽ ചിലപ്പോൾ യഥാകാലം അറ്റകുറ്റപ്പണികൾ ചെയ്യിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly